# KERALA STATE
## FINANCIAL ENTERPRISES STAFF ASSOCIATION
**Reg. No. 180/71, Kottappuram Road, Thrissur-4, Ph: 0487-2384321**
**(Affiliated to C.I.T.U. R. No. K. 1128**
**Website :www.ksfesa.com**
**E-mail : ksfesacitu@yahoo.co.in**

**President**
**C.B.C. Warrier**

**General Secretary**
**S.Muraleekrishna Pillai**


---

**സർക്കുലർ 14/12**

സഖാക്കളേ, സുഹൃത്തുക്കളേ,

നമ്മുടെ സംഘടനയുടെ സംസ്ഥാന കമ്മിറ്റി യോഗം 21.07.2012 (ശനിയാഴ്ച) ഉച്ചകഴിഞ്ഞ് 2.30 ന് സി.ഐ.റ്റി.യു ഹരിപ്പാട് ഏരിയാകമ്മിറ്റി ഓഫീസിൽ വച്ച് ചേർന്നു. സ:സി.ബി.സി. വാര്യർ അധ്യക്ഷത വഹിച്ചു. ശാരീരികാസ്വാസ്ഥ്യം മൂലം കമ്മിറ്റി യോഗത്തിൽ ഹാജരാകാതിരുന്ന സഖാക്കൾ രഘു. എസ്സ്, മനോജ്. എ.വി. എന്നിവർക്ക് അവധി അനുവദിച്ചു.

സി.ഐ.റ്റി യു. ദേശീയ സെക്രട്ടറിയായിരുന്ന സ. ദീപാങ്കർ മുഖർജി, ശ്രീ. രാജേഷ് ഖന്ന എന്നിവരുടെ ദേഹവിയോഗത്തിൽ യോഗം അനുശോചിച്ചു.

സ. മുകുന്ദ രാജ.കെ (H.O,തൃശ്ശൂർ),സ. ഷിബു. എ (കുറ്റ്യാടി), സ. രമേശൻപിള്ള . ആർ(കരുനാഗപ്പള്ളി) എന്നിവരുടെ ആകസ്മികവും അകാലത്തിലുള്ള ദേഹ വിയോഗത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

സംസ്ഥാനകമ്മിറ്റി യോഗം ചുവടെ കൊടുക്കുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. **വർക്ക്മെൻ ജീവനക്കാർക്കെതിരായ മാനേജ്മെന്റ് സമീപനത്തിൽ പ്രതിഷേധം**

കെ.എസ്.എഫ്.ഇയുടെ ചരിത്രത്തിലെ ഏറ്റവും തൊഴിലാളി വിരുദ്ധമായ (അടിയന്തരാവസ്ഥക്കാലം ഒഴിച്ചു നിർത്തിയാൽ) മാനേജ്മെന്റാണ് കെ.എസ്.എഫ്.ഇ യിൽ അധികാരം കൈയ്യാളുന്നതെന്ന് യോഗം വിലയിരുത്തി. അസിസ്റ്റന്റ്, അസി.മാനേജർ തസ്തികളിലേയ്ക്കുള്ള പ്രമോഷൻ ഒഴിവുകൾ നികത്തുന്നില്ല. ഡെസ്പാച്ച് അസിസ്റ്റന്റിന് ചുമതലകൾ നിർവ്വഹിച്ചു നൽകാൻ മാനേജ്മെന്റ് സന്നദ്ധമല്ല. K.S.R പ്രകാരം ലഭിയ്ക്കേണ്ട അർഹമായ ലീവാനുകൂല്യങ്ങൾ 'കണ്ണിൽ ചോരയില്ലാത്ത' മാനേജ്മെന്റ് തടഞ്ഞു വയ്ക്കുന്നു. 'Ex Service'ജീവനക്കാരെ പിരിച്ചു വിട്ടതിന് ശേഷം ജോലിഭാരം അടിയ്ക്കടി വർദ്ധിപ്പിക്കുന്ന സർക്കുലറുകളാണ് നിരന്തരം വരുന്നത്. ചിട്ടി ആക്ട് ഭേദഗതികളുമായി ബന്ധപ്പെട്ട് മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത നാം അനുഭവിച്ചറിയുകയാണ്. ചെയർമാന്റെ

ഏകപക്ഷീയമായ തീരുമാനങ്ങൾ യാതൊരു ചർച്ചയും കൂടാതെ സ്ഥാപനത്തിൽ നടപ്പാക്കപ്പെടുകയാണ്. വർക്ക്മെൻ വിഭാഗത്തിന്റെ ജനറൽ ട്രാൻഫർ ഇതുവരെ നടപ്പാക്കിയിട്ടില്ല. അസിസ്റ്റന്റ് വിഭാഗത്തിലെ 64 പേർ ജില്ലയ്ക്ക് പുറത്തും വിദൂര ജില്ലകളിലുമായി കഴിഞ്ഞ രണ്ടു വർഷമായി പണിയെടുക്കുന്നു. എന്നാൽ 'മാനേജ്മെന്റിന് താല്പര്യമുള്ളവർക്ക് ' ഗോപ്യമായി ഉത്തരവുകൾ ഇറങ്ങുന്നു. ഇത് അഴിമതിയും സ്വജനപക്ഷപാതവുമല്ലാതെ മറ്റെന്താണ് ?. മാനേജ്മെന്റിന്റെ തൊഴിലാളി വിരുദ്ധ സമീപനം തിരുത്തുന്നതിന് ശക്തമായ പ്രക്ഷോഭങ്ങൾ ഉയർത്തികൊണ്ടു വരാൻ തീരുമാനിച്ചു.

2. **പെൻഷൻ ചർച്ച പുനരാരംഭിക്കുക.**

FEEA നേതൃത്വത്തിന്റെ രാഷ്ട്രീയ തിമിരം മൂലം അട്ടിമറിക്കപ്പെട്ട പെൻഷൻ ചർച്ച പുനരാരംഭിക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു . PTS, ഓഫീസ് അറ്റന്റന്റ് ഉൾപ്പെടെയുള്ള അടിസ്ഥാന വിഭാഗം തൊഴിലാളികളുടെയടക്കം PFവിഹിതം ഉപയോഗിച്ച് രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ ഫണ്ട് അടിസ്ഥാന വിഭാഗം തൊഴിലാളികളുടെ താല്പര്യത്തിന് എതിരാകാതിരിക്കാൻ മാനേജ്മെന്റ് ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

3. **ട്രേഡ് യൂണിയൻ പ്രവർത്തനവും ജനാധിപത്യവും അട്ടിമറിയ്ക്കാനുള്ള നീക്കത്തിൽ നിന്നും മാനേജ്മെന്റ് പിന്തിരിയുക.**

പുതിയ മാനേജ്മെന്റ് അധികാരത്തിൽ വന്നതിന് ശേഷം, ജീവനക്കാർ ഉയർത്തിയ ഒരു വിഷയത്തിന്മേലും ട്രേഡ് യുണിയൻ ചർച്ച വിളിക്കുന്നില്ല. നിരന്തരമായ പ്രക്ഷോഭങ്ങളും സമരങ്ങളും ഉയർത്തി കൊണ്ട് വന്നിട്ടും കണ്ടില്ലെന്ന് നടിക്കുകയാണ് മാനേജ്മെന്റ്. ജൂൺ 13 ന് H.O യിൽ ചെയർമാനെയും M.D യെയും കണ്ട സംഘടനാ നേതാക്കൾ ക്ക് പ്രശ്നങ്ങൾ ഉടൻ പരിഹരിക്കുമെന്ന ഉറപ്പാണ് ലഭിച്ചത്. എന്നാൽ ഒരു മാറ്റവും ഉണ്ടായില്ല. തുടർന്ന് 12.07.2012 ന് സംഘടനയുടെ സംസ്ഥാനകമ്മിറ്റിയംഗങ്ങൾ ഉൾപ്പെടെയുള്ള നേതാക്കൾ M.D യെ സന്ദർശിച്ചു. എന്നാൽ വൈകിട്ട് 4 മണിവരെയും സംഘടനാ നേതാക്കളുമായി പ്രശ്നം ചർച്ച ചെയ്യാൻ M.D തയ്യാറായില്ല. 4 മണിയ്ക്ക് നടന്ന ചർച്ചയിൽ പ്രശ്നങ്ങൾ പരിഹരിക്കുമെന്ന ഉറപ്പ് ആവർത്തിക്കുക മാത്രമാണ് ചെയ്തത്. ഉറപ്പുകൾ വീണ്ടും ലംഘിയ്ക്കപ്പെട്ടു. എന്ന് മാത്രമല്ല M.D യുമായി ചർച്ച ചെയ്യാനെത്തിയ ജനറൽ സെക്രട്ടറിയുൾപ്പെടെയുള്ള സംഘടനാ നേതാക്കൾക്ക് കാരണം കാണിയ്ക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്. ഈ ഫാസിസ്റ്റ് സമീപനം KSFE യെ തകർക്കുന്നതാണ്. അടിയന്തരാവസ്ഥയുടെ പ്രേതം ബാധിച്ച മാനേജ്മെന്റിനെ തിരുത്തി സമാധാന അന്തരീക്ഷം പുനഃസ്ഥാപിക്കുന്നതിന് ശക്തമായ സമരം ഉയർത്തിക്കൊണ്ടുവരാൻ തീരുമാനിച്ചു.

4. **ഓഫീസ് അറ്റൻന്റ് - അസിസ്റ്റന്റ് പ്രമോഷൻ - അർഹമായ പ്രമോഷൻ കണക്കാക്കുന്ന മാനദണ്ഡത്തിൽ അവ്യക്തത - സംഘടനാ യോഗം വിളിക്കുക.**

മാനേജ്മെന്റിന്റെ കണക്ക് പ്രകാരം 61 പേർക്ക് (5 % നിരക്കിൽ) പ്രമോഷന് അർഹതയുണ്ട്. എന്നാൽ PSC യിൽ നിന്നു ലഭിച്ച വിവരാവകാശ രേഖ പ്രകാരം 85 പേർക്ക് വരെ പ്രമോഷൻ ലഭിക്കുമെന്ന് കാണുന്നു. എന്നാൽ മാനേജ്മെന്റ് 61- എന്ന കണക്കിൽ ഉറച്ചുനിൽക്കുകയാണ്. ജീവനക്കാരുടെ ആശങ്ക പരിഹരിച്ച് അർഹമായ പ്രമോഷൻ നൽകുന്നതിന് വർക്ക്മെൻ സംഘടനകളുടെ യോഗം വിളിച്ചുചേർക്കാൻ മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

5. **കേന്ദ്ര ചിട്ടി നിയമം- മാനേജ്മെന്റിന്റെ കെടുകാര്യസ്ഥ സമീപനം തിരുത്തണം.**

കേന്ദ്ര ചിട്ടിനിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളാ സർക്കാർ ചിട്ടി റൂൾസിന് രൂപം നൽകിയെങ്കിലും KSFE യുടെ കാതലായ പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. ചിട്ടി രജിസ്ട്രാറുടെ പേരിൽ FD നിക്ഷേപം വരുത്തുന്നത് പലിശ വരുമാനത്തെ ഗണ്യമായി ബാധിക്കും. 'Prized but not Paid'തുകയും RSC തുകയും Bank ൽ നിക്ഷേപിയ്ക്കണമെന്ന വ്യവസ്ഥ സ്ഥാപനത്തിന്റെ 'Liquidity' യെ പ്രതികൂലമായി ബാധിക്കും . ചിട്ടി ഒഴികെയുള്ള പദ്ധതികളുടെ കാര്യത്തിൽ ആശയക്കുഴപ്പം നിലനിൽക്കുന്നു. ജീവനക്കാരുടെ ആശങ്ക അകറ്റുന്നതിന് സംഘടനാ യോഗം വിളിയ്ക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

6. **പുതിയ ശാഖകളുടെ ആരംഭം - അശാസ്ത്രീയ സമീപനം തിരുത്തുക.**

പുതിയ ശാഖകൾ ആരംഭിക്കുന്നതിലെ ആഡംബര ചെലവുകൾ ക്രമാതീതമായി ഉയരുകയാണ്. ബിസിനസ് ശാക്തീകരണത്തിന് അനുകൂലമായ സ്ഥലങ്ങളെ അവഗണിച്ച് ബിസിനസ് സാധ്യത കുറവുള്ള മേഖലകൾ തെരഞ്ഞെടുക്കുന്ന സമീപനം തിരുത്തണം. കെട്ടിടമെടുത്ത്, ഉദ്ഘാടന മഹാമഹവും നടത്തി മാസങ്ങൾ കഴിഞ്ഞിട്ടും ഒരു രൂപാ പോലും കളക്ഷൻ നടത്താത്ത ശാഖകൾ ഉണ്ടെന്ന വിവരം ഞെട്ടിയ്ക്കുന്നതാണ്. സ്ഥാപനത്തിന്റെ ഭാവിയിൽ കരിനിഴൽ വീഴ്ത്തുന്ന സമീപനങ്ങൾ തിരുത്തണമെന്നും കുറ്റക്കാർക്കെതിരെ കർശന നിലപാട് സ്വീകരിക്കണമെന്നാവശ്യപ്പെടാനും തീരുമാനിച്ചു.

7. **പെർഫോമൻസ് ഇൻസെന്റീവ്**

ജീവനക്കാരുടെ ഇൻസെന്റീവിൽ വൻ വെട്ടിക്കുറവാണ് കഴിഞ്ഞവർഷം ഉണ്ടായത്. ഇതിന്റെ ദോഷം ഏറ്റവും കൂടുതൽ സഹിക്കേണ്ടിവന്നത് വർക്ക്മെൻ വിഭാഗത്തിനാണ്. PTS വിഭാഗം ജീവനക്കാർക്കൊഴികെ ആർക്കും തന്നെ Bonus ലഭിക്കുന്നുമില്ല. ഈ സാഹചര്യത്തിൽ 20% Incentive അനുവദിയ്ക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു. പരമാവധി പരിധി 50,000 /- രൂപയായി നിജപ്പെടുത്തണമെന്നാവശ്യപ്പെടാൻ തീരുമാ

നിച്ചു. വർക്ക്മെൻ വിഭാഗത്തിനുണ്ടാകുന്ന നഷ്ടം ലഘൂകരിക്കുന്നതിന് താഴെ കൊടുക്കും പ്രകാരം Performance Incentive ന് മിനിമം തുക ആവശ്യപ്പെടാൻ തീരുമാനിച്ചു.

| | | |
|---|---|---|
| PTS | മിനിമം ഇൻസെന്റീവ് തുക | 11,000 |
| Office attendent | ,, ,, | 17,000 |
| Des.Asst/Assistant | ,, ,, | 22,000 |

8. **SA-OU കോർഡിനേഷൻ**

SA-OU കോർഡിനേഷൻ ശക്തിപ്പെടുത്തികൊണ്ട്, തുടർ സമരങ്ങൾ ശക്തിപ്പെടുത്താൻ തീരുമാനിച്ചു. തൊഴിലാളി വിരുദ്ധ സമീപനവുമായി മുന്നോട്ട് പോകുന്ന മാനേജ്മെന്റിനെ തിരുത്താൻ എല്ലാ വിഭാഗം ജീവനക്കാരുടെയും സംയുക്ത സമരവേദി രൂപപ്പെടേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തി. അതിനാവശ്യമായ പ്രവർത്തനങ്ങൾ ശക്തിപെടുത്താൻ തീരുമാനിച്ചു.

9. **ബഹു.മുഖ്യമന്ത്രിയ്ക്ക് ജീവനക്കാരുടെ നിവേദനം.**

ബഹു.കേരളാമുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയ്ക്ക് ജീവനക്കാരുടെ നിവേദനം ജൂലൈ അവസാന വാരം നൽകാൻ തീരുമാനിച്ചു.

10. **ശമ്പള പരിഷ്കരണം - ചാർട്ടർ ഓഫ് ഡിമാൻഡ്**

ചാർട്ടർ ഓഫ് ഡിമാൻഡിന് അന്തിമ രൂപം നൽകി. ജൂലൈ അവസാന വാരം പ്രകടത്തോടെ മാനേജ്മെന്റിന് കൈമാറാൻ തീരുമാനിച്ചു.

11. **പ്രമോഷൻ ടെസ്റ്റിന്റെ Answer key-യിൽ തെറ്റുകൾ ഉണ്ടായ സ്ഥിതിയ്ക്ക് തെറ്റുകൾ തിരുത്തി പുനർ മൂല്യ നിർണ്ണയം നടത്തണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു.**

12. ശാഖകൾക്ക് പുറത്ത് പോയി ജോലിചെയ്യണമെന്നും 5 മണിക്ക് ശേഷം ജോലിചെയ്യണമെന്നും ചില മാനേജർമാർ /റീജിയണൽ മാനേജർമാർ ജീവനക്കാരെ നിർബന്ധിക്കുന്നത് സംഘടന ഗൗരവമായി കാണുന്നു. ഇത്തരം ഓഫീസർമാരെ ഒറ്റപ്പെടുത്താനും ശക്തമായ പ്രക്ഷോഭം അവർക്കെതിരെ ഉയർത്തിക്കൊണ്ട് വരാനും തീരുമാനിച്ചു.

13. മാനേജ്മെന്റിന്റെ തൊഴിലാളിവിരുദ്ധ സമീപനം തിരുത്തുന്നതുവരെയും നിസ്സഹകരണ സമരം ശക്തമായി തുടരാൻ തീരുമാനിച്ചു.

അഭിവാദനങ്ങളോടെ

എസ്. മുരളികൃഷ്ണപിള്ള
ജനറൽ സെക്രട്ടറി

25-07-2012

E-mail : muraleeathira@yahoo.co.in
Phone: 94465-38432 (Mob)
0474-2707047 (Resi), 0474-2744712 (Off)